## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3101     13.07.2015 ന് മറുപടിയ്ക്ക്

## ആദിവാസികൾക്ക് ഭൂമി വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സുപ്രീം കോടതി ഉത്തരവ് അനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത്; വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി സുപ്രീം കോടതിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാർ 19002 ഏക്കർ (7693 ഹെക്ടർ) വനഭൂമി അനുവദിച്ചിട്ടുണ്ട്. |
| (ബി) ആദിവാസികൾക്ക് എത്ര ഏക്കർ വീതം, ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു; ഭൂമി വിതരണം ചെയ്യുന്നതിനായി വനം വകുപ്പ് പ്രത്യേകം ഓഫീസ് തുറന്നി രുന്നോ; പ്രസ്തുത ഓഫീസ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; ഈ ഓഫീസ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ യെന്ന വ്യക്തമാക്കാമോ? | (ബി) ഭൂമി വിതരണം ചെയ്യുന്നത് പട്ടികവർഗ്ഗ വികസന വകുപ്പും, റവന്യൂ വകുപ്പും ചേർന്നാണ്. മേൽപ്പറഞ്ഞ ഭൂമിയിൽ നിന്നും വയനാട്ടു ജില്ലയിൽ 1656.18 ഏക്കർ ഭൂമിയ്ക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖയും 3587.84 ഏക്കറിന് പട്ടയവും നൽകി. മലപ്പുറം ജില്ലയിൽ 81.04 ഏക്കറിന് വനാവകാശ നിയമപ്രകാരം കൈവശരേഖയും 55.65 ഏക്കറിന് പട്ടയവും നൽകി. പാലക്കാട് ജില്ലയിൽ 681.55 ഏക്കറിന് വനാവകാശ നിയമപ്രകാരം കൈവശരേഖയും 182.92 ഏക്കറിന് പട്ടയവും നൽകി.<br>ഭൂമി വിതരണത്തിന് വനം വകുപ്പ് പ്രത്യേകം ഓഫീസ് തുറന്നിട്ടില്ല. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ട കേന്ദ്ര |

......2

അനുവാദം വാങ്ങുന്നതിനും, അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ ട്രൈബൽ റീഹാബിലിറ്റേഷൻ കമ്മീഷണറെ 2004-ൽ നിയമിക്കുകയുണ്ടായി. 2014-ൽ കമ്മീഷണറുടെ ഓഫീസ് വനം വകുപ്പാസ്ഥാനത്തെ ഇക്കോഡവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗത്തിൽ ലയിപ്പിച്ചു. വനഭൂമിയിൽ പുനരധിവസിപ്പിക്കുന്ന ആദിവാസികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയായിരുന്നു ട്രൈബൽ റീഹാബിലിറ്റേഷൻ കമ്മീഷണറുടെ ചുമതല. ഈ ഓഫീസിന്റെ നേതൃത്വത്തിലാണ് പ്രസ്തുത വനഭൂമിക്ക് നെറ്റ് പ്രസന്റ് വാല്യൂ (NPV) ഒഴിവാക്കി കിട്ടുന്നതിന് സുപ്രീം കോടതിയിൽ നിന്നും അനുമതി ലഭിച്ചത്. തുടർന്ന് വിവിധ പ്ലോട്ടുകൾ പരിശോധിച്ച് വാസയോഗ്യമായ ഭൂമി സംയുക്ത പരിശോധന നടത്തി കണ്ടെത്തിയതും ഈ ഓഫീസിൽ നിന്നുമാണ്.

(Signed)
സെക്ഷൻ ഓഫീസർ